നം. B2-11843/18

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി : 02.05.2019.
Email - swdkerala@gmail.com
Phone - 0471 - 2306040

## പരിപത്രം

വിഷയം :- സാമൂഹ്യ നീതി - വകുപ്പ് - സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി (MEDISEP) - ജീവനക്കാരുടെ വിവരങ്ങൾ ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് അപാകതകൾ പരിഹരിച്ച് പുതുക്കിയ ഫോർമാറ്റിൽ വിവരങ്ങൾ നൽകേണ്ടത് - സംബന്ധിച്ച്.

സൂചന :-
1) സർക്കുലർ നം. 73/2018/ധന തീയതി. 07.08.2018
2) സർക്കുലർ നം. 84/2018/ധന തീയതി. 15.09.2018
3) ഈ കാര്യാലയത്തിൽ നിന്നുള്ള 11.10.2018-ലെ ഇതേ നമ്പരായുള്ള പരിപത്രം.
4) ധനകാര്യ (ഹെൽത്ത് ഇൻഷ്വറൻസ്)ന്റെ നം. 17/2019/JW, 26.02.2019-ലെ പരിപത്രം.

സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി സൂചനകൾ പ്രകാരം വിശദമായ സർക്കുലർ സർക്കാർ പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത സർക്കുലറിലെ നിർദ്ദേശ പ്രകാരം സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ വരുന്ന കാര്യാലയങ്ങളിലെ ജീവനക്കാരുടെ വിവരങ്ങൾ അതാത് ഡ്രോയിംഗ് & ഡിസ്ബേഴ്സിംഗ് ഓഫീസർമാർ സൂചന (1)-ലെ സർക്കുലറിൽ പരാമർശിക്കും പ്രകാരം മെഡിസെപ്പിന്റെ നിശ്ചിത പ്രൊഫോർമയിൽ എക്സൽ ഫോർമാറ്റിൽ വിവര ശേഖരണം നടത്തേണ്ടതും അപ്രകാരം [illegible] വിവരങ്ങൾ സാമൂഹ്യനീതി വകുപ്പിന്റെ ചുവടെ പരാമർശിക്കുന്ന ഔദ്യോഗിക മെയിലിൽ 25.10.2018 തീയതിയ്ക്കകം ലഭ്യമാക്കേണ്ടതുമാണെന്ന് സൂചന (3) പ്രകാരം അറിയിച്ചിരുന്നു. അപ്രകാരം ലഭിച്ചിട്ടുള്ള വിവരങ്ങൾ MEDISEPന്റെ സൈറ്റിൽ അപ് ലോഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇപ്രകാരം upload ചെയ്തിട്ടുള്ള വിവരങ്ങൾ എല്ലാം തന്നെ അതാത് കീഴ്കാര്യാലയ മേധാവികൾ

AN

പ്രസ്തുത സൈറ്റ് പരിശോധിച്ചതിൽ വിവരങ്ങൾ നൽകിയിട്ടുള്ള ജീവനക്കാരുടെയും അവരുടെ നോമിനിയുടേയും പൂർണ്ണമായ വിവരങ്ങൾ പ്രസ്തുത സൈറ്റിൽ വന്നിട്ടില്ലായെന്ന് വിവിധ കാര്യാലയ മേധാവികൾ ഫോൺ മുഖേനയും ഇ-മെയിൽ മുഖാന്തിരവും അറിയിച്ചിരുന്നു.

ഈ സാഹചര്യത്തിൽ ഓരോ കാര്യാലയത്തിലും ജോലി നോക്കുന്ന ജീവനക്കാരുടെയും അവരുടെ ആശ്രിതരുടെയും പേര് വിവരങ്ങൾ നൽകിയിരുന്നിട്ടും MEDISEP-ന്റെ സൈറ്റിൽ വരാത്ത ജീവനക്കാരുടെയും അവരുടെ ആശ്രിതരുടെയും പേര് വിവരങ്ങൾ MEDISEP-ന്റെ നിർദ്ദിഷ്ട EXCEL ഫോർമാറ്റിൽ ഒന്നുകൂടി രേഖപ്പെടുത്തി ഈ കാര്യാലയത്തിൽ 08.05.2019-നകം സാമൂഹ്യനീതി വകുപ്പിന്റെ ഔദ്യോഗിക മെയിലിൽ ലഭ്യമാക്കേണ്ടതാണെന്ന് അറിയിക്കുന്നു.

Email – swdkerala@gmail.com

സമയ ക്ലിപ്തത കർശനമായി പാലിക്കേണ്ടതാണെന്ന് പ്രത്യേകം ഓർമ്മപ്പെടുത്തുന്നു.

സാമൂഹ്യനീതി ഡയറക്ടർ

എല്ലാ റീജിയണൽ അസിസ്റ്റന്റ് ഡയറക്ടർമാർക്കും
എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും
എല്ലാ പ്രൊബേഷൻ ഓഫീസർമാർക്കും
എല്ലാ സ്ഥാപന മേധാവികൾക്കും.

AN